സി.ബി.(3)58523/2010

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 13.01.2011.

**Email : keralarcs@co-op.kerala.gov.in**
**Website: www.co-operation.kerala.gov.in**

# സർക്കുലർ നമ്പർ: 6/2011

വിഷയം : സഹകരണ വകുപ്പ്-കയർ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ചു തീർക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന : ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.01.2011 തീയതിയിൽ നിയമസഭയിലെ ചേമ്പറിൽ നടന്ന യോഗതീരുമാനം.

....................

ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും കയർ ഉൽപാദകർ എടുത്ത വായ്പ സംബന്ധിച്ചും കയർ സഹകരണ സംഘങ്ങൾ എടുത്ത വായ്പ സംബന്ധിച്ചും സൂചന പ്രകാരം നടന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) കേരളത്തിലെ എല്ലാ കയർ സഹകരണ സംഘങ്ങളും അതാതു ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയിലെ മുതൽ ബാക്കി നിൽപ്തുകയ്ക്ക് 4 ശതമാനം പലിശ കണക്കാക്കി വായ്പതുക ഒറ്റത്തവണയായി 2011 ഫെബ്രുവരി 28 -നകം അടച്ചുതീർക്കാവുന്നതാണ്.

2) ഇപ്രകാരം ആനുകൂല്യം അനുവദിക്കുമ്പോൾ കയർ കടാശ്വാസ കമ്മീഷൻ ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ ടി തുക വരവ് വച്ചശേഷം ബാക്കി തുക മാത്രം വായ്പക്കാരനിൽ നിന്നും ഈടാക്കിയാൽ മതിയാകും.

3) കയർ തൊഴിലാളികൾക്ക് പ്രതിദിനം 150/-രൂപയെങ്കിലും കൂലി കൊടുക്കാത്ത ഒരു കയർ സഹകരണ സംഘത്തിനും ഈ ആനുകൂല്യം നൽകേണ്ടതില്ല. ഈ ആനുകൂല്യത്തിന് കയർ സഹകരണ സംഘത്തിന് അർഹതയുണ്ടോ എന്ന് കയർ പ്രോജക്ട് ആഫീസർ പരിശോധിച്ച് ജില്ലാ സഹകരണ ബാങ്കുകൾക്ക് പ്രത്യേകം കത്ത് നൽകേണ്ടതാണ്.

ഒപ്പ്,
സഹകരണ സംഘം രജിസ്ട്രാർ

1) കയർ വികസന ഡയറക്ടർ, കയർ ഡയറക്ടറുടെ ആഫീസ്, നന്ദാവനം, തിരുവനന്തപുരം. } കയർ സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരുവാൻതാൽപര്യപ്പെടുന്നു

2) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.

3) ആഡിറ്റ് ഡയറക്ടർ,
ആഡിറ്റ് ഡയറക്ടറുടെ ആഫീസ്,
തിരുവനന്തപുരം.

4) ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.

5) എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും

6) എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

7) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

8) എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)

9) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ

10) മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്,
തിരുവനന്തപുരം.

11) സഹകരണ സംഘം രജിസ്ട്രാറുടെ മേശമേൽ

12) എഡിറ്റർ സഹകരണ വീഥി

13) സ്റ്റോക്ക് ഫയൽ

14) വെബ് സൈറ്റ്

15) സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി. സെക്ഷൻ)

എൻ.പി/